പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 967 | 20.03.2013 – ൽ മറുപടിക്ക്

## ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) | ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് നൽകി വരുന്നത്; | (എ) | വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന OBC വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് OBC പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നത്. |
| (ബി) | ഇതിൽ നിന്നും ന്യൂനപക്ഷങ്ങളെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | കഴിഞ്ഞ വർഷം ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു ; ഇതിൽ എത്ര തുക ന്യൂനപക്ഷവിഭാഗം കുട്ടികൾക്ക് നൽകി ; അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകിയിരുന്നോ ; | (സി) | 2011-12 ൽ ആദ്യമായി ഏർപ്പെടുത്തിയ OBC പ്രീമെട്രിക് സ്കോളർഷിപ്പിനായി അനുവദിച്ച തുക 6 മുതൽ 10 വരെ ക്ലാസ്സുകളിലെ OBC വിഭാഗം കുട്ടികൾക്ക്, ന്യൂനപക്ഷം/OEC എന്നിങ്ങനെ തരംതിരിക്കാതെ OBC എന്ന നിലയ്ക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ലഭ്യമായ ഫണ്ടിന്റെ അപര്യാപ്തത മൂലം അപേക്ഷിച്ച എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് നല്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല ഈ ഇനത്തിൽ 2011-12-ൽ അനുവദിക്കപ്പെട്ട 50.25 കോടി രൂപയിൽ, അനുവദിക്കപ്പെട്ട ശേഷം തുക കൈപ്പറ്റാതെ വന്നതിനാൽ 48.53 കോടി രൂപയാണ് യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടത്. |

. . . . . . . . . . (2)

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ വർഷം എല്ലാ തുകയും ചെലവഴിക്കാൻ കഴിയാതിരുന്നിട്ടും ഒരു വിഭാഗത്തെ ആനുകൂല്യങ്ങൾ നൽകുന്നതിൽനിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | 2011-12 ൽ OBC പ്രീമെട്രിക് സ്കോളർഷിപ്പിന് അനുവദിച്ച എല്ലാ തുകയും വിനിയോഗിച്ചിരുന്നുവെങ്കിലും, ഒരാൾക്ക് ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ സ്കോളർഷിപ്പ് അനുവദിക്കുവാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ, അനുവദിച്ചിട്ടുള്ള തുക കൈപ്പറ്റാതെ തിരിച്ചടച്ചതിനാലാണ് OBC പ്രീമെട്രിക് സ്കോളർഷിപ്പിന് അനുവദിച്ച മുഴുവൻ ചെലവഴിക്കാൻ കഴിയാതിരുന്നത്. ഈ സാഹചര്യം 2012-13-ലെ സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ആവർത്തിക്കാതിരിക്കാനാണ്, OBC പ്രീമെട്രിക് സ്കോളർഷിപ്പ്, ന്യൂനപക്ഷ സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ഒരേ ആവശ്യത്തിന് ഒന്നിലധികം ഉറവിടങ്ങളിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കുവാൻ പാടില്ലെന്ന വ്യവസ്ഥയിന്മേൽ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) | ഒ.ബി.സി.യിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങളെയും ഈ വർഷത്തെ പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

പിന്നാക്ക സമുദായ വികസന വകുപ്പ് - 2012-13 വർഷത്തേക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം - മാനദണ്ഡങ്ങൾ - നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ). 1616/2012/പി.സ.വി.വ. തിരുവനന്തപുരം, തീയതി: 18.12.2012.

---

പരാമർശം - 1. സ.ഉ.(സാധാ) നം 555/2012/പി.സ.വി.വ തീയതി.27.03.2012

2. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 11/07/2012, 04/09/2012 എന്നീ തീയതികളിലെ BCDD/Grants/401/12 നമ്പർ കത്തുകൾ.

## ഉത്തരവ്

പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 2012-13 സാമ്പത്തിക വർഷം 23.68 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അർഹരായ വിദ്യാർത്ഥികൾക്ക് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

### I സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡം

1. പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥിയായിരിക്കണം.
2. സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥിയായിരിക്കണം.
3. രക്ഷിതാവിന്റെ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കരുത്.
4. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50% ൽ കുറയാത്ത സ്കോർ കരസ്ഥമാക്കിയിരിക്കണം.
5. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.
6. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പാർട്ട് 1 പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
7. വാർഷിക വരുമാനം സംബന്ധിച്ച സത്യപ്രസ്താവനയിൽ രക്ഷിതാവിന്റെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം.
8. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. ഒരു വിദ്യാർത്ഥിക്ക് ഒരു കാരണവശാലും ഒന്നിൽ കൂടുതൽ സ്കോളർഷിപ്പുകൾക്ക് അർഹതയില്ല.
10. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്ക മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളു. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
11. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യത്തിന് അർഹരായതിനാൽ ഒ.ഇ.സി വിഭാഗത്തിലുൾപ്പെട്ടവരും, ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കപ്പെടുന്നവരായതിനാൽ ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളും ഈ സ്കോളർഷിപ്പിന് അർഹരല്ല.

.........(2)

II സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകേണ്ടതാണ്.

III അപേക്ഷ സ്വീകരിക്കുന്നതിനായി ഓൺലൈൻ ഡാറ്റാ എൻട്രിയ്ക്കായി സ്കോളർഷിപ്പ് പോർട്ടൽ C-DIT/IT Mission/ NIC മുഖേന ആരംഭിക്കേണ്ടതാണ്.

IV പ്രീ മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.

മേൽ മാനദണ്ഡം/നിർദ്ദേശം അനുസരിച്ച് പ്രീ മെട്രിക് സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന് ആവശ്യമായ എല്ലാ നടപടികളും പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനാവശ്യമായ "ശുക 2225-03-277-92 (P)" എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ തുക കണക്കാക്കി പ്രപ്പോസൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽ നിന്നും ഈ ആവശ്യത്തിലേക്കായി വകയിരുത്തിയിട്ടുള്ള 50% വിഹിതം യഥാസമയം അനുവദിച്ചു കിട്ടുന്നതിന് ആവശ്യമായ നടപടികൾ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**നെജിമുദ്ദീൻ. റ്റി. എസ്**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (UO (F) 90381/WW2/12/Fin dtd. 11.12.2012)
പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - 2012-13 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം - മാനദണ്ഡങ്ങൾ - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പിന്നോക്ക സമുദായ വികസന (എ) വകുപ്പ്

സ.ഉ. (സാധാ) നം. 22/2013/പി.സ.വി.വ. തിരുവനന്തപുരം,തീയതി:23/02/2013.

പരാമർശം : - സ.ഉ. (സാധാ)നം. 1616/2012/പി.സ.വി.വ. തീയതി 18/12/2012.

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവിലെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള അർഹതാമാനദണ്ഡത്തിലെ 11-ാം നിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യത്തിന് അർഹരായതിനാൽ ഒ.ഇ.സി വിഭാഗത്തിലുൾപ്പെട്ടവരും, ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കപ്പെടുന്നവരായതിനാൽ ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളും ഈ സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കേണ്ടതില്ല".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**നെജിമുദ്ദീൻ. റ്റി. എസ്**
*അഡീഷണൽ സെക്രട്ടറി*

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ &ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ)വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് ,തിരുവനന്തപുരം.
കരുതൽഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ